# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകൾ വഴിയുള്ള ഹ്രസ്വ കാല കാർഷിക വായ്പകൾ</u>

5212 ശ്രീ.വർക്കല കഹാർ
'' ഐ.സി.ബാലകൃഷ്ണൻ
'' ആർ. സെൽവരാജ്
''എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കിയിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) ഏതെല്ലാം കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വായ്പകൾ പലിശരഹിതമാക്കുന്നതിനുള്ള ധനം എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ:

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിതവായ്പ</u>

5213 ശ്രീ. വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, വി. റ്റി. ബൽറാം
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹ്രസ്വകാല കാർഷികവായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന പ്രത്യേക പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഈ സാമ്പത്തികവർഷം പദ്ധതി നടത്തിപ്പിനായി എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്;

(ഡി) ഏതെല്ലാം സഹകരണ ബാങ്കുകളും സംഘങ്ങളും വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വരൾച്ചയുടെ ഭാഗമായി കാർഷിക കടങ്ങളുടെ പലിശ റദ്ദാക്കൽ</u>

5214 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ചയുടെ ഭാഗമായി കാർഷിക കടങ്ങളുടെ പലിശ റദ്ദാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കൃഷിക്കാരുടെ പലിശയാണ് റദ്ദാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഇതിനെല്ലാംകൂടി എത്ര രൂപയാണ് പലിശയിനത്തിൽ ഇളവു ചെയ്തിട്ടുള്ളത്;

(ഡി) പലിശയിളവ് കൃഷിക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

## പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് വായ്പ

5215 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 മാർച്ച് മുതൽ 2013 മാർച്ച് വരെ കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾ എത്ര കോടി രൂപയാണ് കർഷകർക്ക് വായ്പയായി നൽകിയിട്ടുള്ളത്;

(ബി) ആയതിൽ എത്ര കോടി രൂപയാണ് ഹ്രസ്വകാല വായ്പയായും, ദീർഘകാല വായ്പയായും നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഹ്രസ്വകാല വായ്പകൾക്ക് എത്ര ശതമാനം പലിശയാണ് പ്രാഥമിക സഹകരണ സംഘങ്ങൾ ഈടാക്കുന്നത്;

(ഡി) സർക്കാർ ഇപ്പോൾ പലിശ സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ ഹ്രസ്വകാല വായ്പയ്ക്കും, ദീർഘകാല വായ്പയ്ക്കും എത്ര ശതമാനം വീതമാണ് നൽകുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങൾ വിതരണം ചെയ്ത കാർഷിക വായ്പ</u>

5216 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വിതരണം ചെയ്തിട്ടുളള കാർഷിക വായ്പയെ സംബന്ധിച്ച് എന്തെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാർഷിക വായ്പ വിതരണം ചെയ്യാത്ത എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇത്തരം സംഘങ്ങളെ കാർഷികേതര വായ്പ സംഘങ്ങളായി ക്ലാസിഫൈ ചെയ്തിട്ടുണ്ടോ; എത്ര സംഘങ്ങളെ ക്ലാസിഫൈ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള കർഷകർക്ക് പലിശരഹിത കാർഷിക വായ്പ</u>

5217 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള കർഷകർക്ക് സഹകരണ ബാങ്കുകൾ വഴി പലിശ രഹിത കാർഷിക വായ്പ അനുവദിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വയനാട് ജില്ലയിലെ എത്ര കർഷകർക്കാണ് ഇത്തരത്തിൽ പലിശരഹിത വായ്പ അനുവദിച്ചിരിക്കുന്നത്; ആയതിന്റെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>സ്വർണ്ണപണയത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക വായ്പ</u>

5218 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി സ്വർണ്ണപണയത്തിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ നൽകുന്ന പദ്ധതികൾ സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ പലിശ നിരക്ക് എത്രയാണെന്നറിയിക്കാമോ; ഏതൊക്കെ തരം സഹകരണ സംഘങ്ങൾ മുഖേനയാണ് ഇത്തരം കാർഷിക വായ്പാ പദ്ധതികൾ നടപ്പാക്കുന്നത്;

(സി) കാലവർഷക്കെടുതിയും കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവും മുൻനിർത്തി കൂടുതൽ ഉദാരമായ പലിശയിളവുകൾ അനുവദിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കടാശ്വാസ കമ്മീഷന്റെ ഇളവു ലഭിച്ച കർഷകർ നേരിടുന്ന ജപ്തി നടപടികൾ</u>

5219 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടാശ്വാസ കമ്മീഷന്റെ ഇളവു ലഭിച്ച കർഷകർക്കെതിരെ സംസ്ഥാനത്തെ ചില സഹകരണ ബാങ്കുകൾ ജപ്തി നടപടികൾ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജപ്തി നടപടികൾ നിർത്തിവയ്പ്പിക്കുന്നതിനും കർഷകവിഹിതം അടയ്ക്കുന്നതിന് കർഷകർക്ക് പരമാവധി സാവകാശം അനുവദിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>പ്രകാശ് ബക്ഷി കമ്മിറ്റിയുടെ ശുപാർശകൾ</u>

5220 ഡോ.ടി.എം.തോമസ് ഐസക്ക്
ശ്രീ. ഇ.പി.ജയരാജൻ
,, എം.ഹംസ
ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും ഫണ്ടുകൾ സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട ഡോ. പ്രകാശ് ബക്ഷി കമ്മിറ്റിയുടെ ശുപാർശ എന്തായിരുന്നു; ഇത് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് എത്രത്തോളം ഗുണകരമാവുമെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്നും വ്യക്തമാക്കുമോ;

(ബി) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളെ ദോഷകരമായി ബാധിക്കാൻ ഇടയുള്ള ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ഏതെല്ലാമാണെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്നും വ്യക്തമാക്കുമോ;

(സി) റിപ്പോർട്ടിന്മേൽ സംസ്ഥാന സർക്കാർ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ബാങ്കിംഗ് ഇടപാടുകൾ നടത്താൻ റിസർവ്വ് ബാങ്ക് ലൈസൻസിന് അപേക്ഷിക്കുന്നതിന് നിശ്ചയിച്ചിരുന്ന അവസാന തീയതിക്കുള്ളിൽ എത്ര പ്രാഥമിക സഹകരണ സംഘങ്ങൾ അപേക്ഷ നൽകിയിരുന്നുവെന്നും അപേക്ഷ നൽകാത്ത സംഘങ്ങൾക്ക് വായ്പ സ്വീകരിക്കാൻ പറ്റാത്ത സാഹചര്യം സംജാതമാകുന്നത് ഒഴിവാക്കാൻ എന്തു നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>അധിക വിഭവ സമാഹരണം</u>

5221 ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, പി. എ. മാധവൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്ക് അധിക വിഭവ സമാഹരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) ബാങ്കിന്റെ മൂലധന പര്യാപ്തത വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതിയിൽ എന്തെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

## കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>കർഷകരുടെ സഹായത്തിന് കർമ്മപദ്ധതി</u>

5222 ശ്രീ. പാലോട് രവി
,, ഡൊമിനിക് പ്രസന്റേഷൻ
,, ഷാഫി പറമ്പിൽ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖല കർഷകരുടെ സഹായത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യവും പ്രവർത്തന രീതിയും എന്തൊക്കെയാണ്;

(സി) പദ്ധതി മുഖാന്തിരം എന്തെല്ലാം സഹായങ്ങളും ആശ്വാസങ്ങളുമാണ് കർഷകർക്ക് ലഭിക്കുന്നത്;

(ഡി) പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

**കേരള നിയമസഭ**
**2.07.2013–ലെ മറുപടിക്ക്**

<u>പ്രാഥമിക സഹകരണ സംഘങ്ങൾക്കെതിരെ നടപടി</u>

5223 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ വ്യാപകമായി കണ്ടു വരുന്ന ധൂർത്തും അഴിമതിയും അവസാനിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) സഹകരണ നിയമത്തിനും ചട്ടത്തിനും സഹകരണ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന സംഘം ഭാരവാഹികൾക്കെതിരെ ബഹു. ഹൈക്കോടതിയുൾപ്പെടെയുള്ള നീതി ന്യായ സ്ഥാപനങ്ങളിൽ അംഗങ്ങൾ നൽകുന്ന കേസ്സുകൾ നടത്തുന്നതിന്, സംഘം ഫണ്ടിൽ നിന്നും ലക്ഷക്കണക്കിന് രൂപ അനധികൃതമായി ചെലവഴിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിലെ ഭാരവാഹികൾക്കെതിരെ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിശോധിച്ച് നടപടിയെടുക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സഹകരണ കർഷക സേവന കേന്ദ്രങ്ങൾ</u>

5224 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിൽ കീഴിൽ കർഷക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് സ്ഥാപിക്കുന്നത് ;

(സി) എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) സേവന കേന്ദ്രങ്ങൾ മുഖാന്തിരം എന്തൊക്കെ സേവനങ്ങളാണ് കർഷകർക്ക് ലഭ്യമാക്കുകയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങള്‍ വഴി വിദ്യാഭ്യാസ വായ്പ</u>

5225 ശ്രീ. സി.എഫ്. തോമസ്
,, റ്റി.യു. കുരുവിള
,, തോമസ് ഉണ്ണിയാടന്‍
,, മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ ബാങ്കുകളിലൂടെയും, സഹകരണ സംഘങ്ങളിലൂടെയും, വിദ്യാഭ്യാസ വായ്പ വിതരണം ചെയ്യുമോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ബി) വിദ്യാഭ്യാസ വായ്പ എടുത്തവര്‍ക്ക് പലിശ സബ്സിഡി നല്‍കുന്നുണ്ടോ; ഇല്ലെങ്കില്‍ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകൾവഴി വിദ്യാഭ്യാസ വായ്പ</u>

5226 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പകൾ എത്ര ശതമാനം പലിശ നിരക്കിലാണ് നിലവിൽ സഹകരണ ബാങ്കുകൾ വഴി നൽകുന്നത്;

(ബി) ഷെഡ്യൂൾഡ് ബാങ്കുകൾ വഴി വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിലെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് സഹകരണ ബാങ്കുകൾ വഴി വ്യാപകമായി വിദ്യാഭ്യാസ വായ്പകൾ നൽകാൻ നിർദ്ദേശിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾ</u>

5227 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സഹകരണ സംഘങ്ങൾ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ സംഘങ്ങളുടെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾക്കാണ് കാലാവധി ദീർഘിപ്പിച്ചു നൽകിയത് എന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും സംഘങ്ങളുടെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾ ജീവനക്കാരെ നിയമിക്കുകയോ അംഗങ്ങളെ ചേർക്കുകയോ, നിലവിലുള്ള അംഗങ്ങളുടെ അംഗത്വം റദ്ദാക്കുകയോ ചെയ്തതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ സംഘങ്ങളുടെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾക്കെതിരെയാണ് പരാതി ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>അഡ്മിനിനിസ്ട്രേറ്റീവ് കമ്മിറ്റിക്കെതിരെ നടപടി</u>

5228 ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ ഭരണ സ്തംഭനം ഒഴിവാക്കുന്നതിന് നിയമിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾക്ക് സംഘത്തിൽ അംഗങ്ങളെ ചേർക്കുവാനോ, നിലവിലുള്ള അംഗങ്ങളുടെ അംഗത്വം റദ്ദു ചെയ്യാനോ, സംഘത്തിൽ ജീവനക്കാരെ നിയമിക്കുവാനോ നിയമപരമായി അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) അധികാരമില്ലാതെ ഇത്തരത്തിൽ പ്രവർത്തിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾക്കെതിരെ പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ എന്നും ഏത് കമ്മിറ്റികൾക്കെതിരെയാണ് പരാതി ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത പരാതികളിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വായ്പയെടുത്ത അശരണർക്കുള്ള ആശ്വാസ് പദ്ധതി</u>

5229 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ
,, എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ വായ്പ തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലാത്ത അശരണർക്കായുള്ള ആശ്വാസ് പദ്ധതിയിൽ എത്ര ലക്ഷം രൂപ വരെയുള്ള വായ്പകളാണ് വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം സഹകരണ ബാങ്കുകളും സംഘങ്ങളുമാണ് ആശ്വാസ് പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിരിക്കുന്നത്?

# കേരള നിയമസഭ
# 2.07.2013–ലെ മറുപടിക്ക്

പ്രാഥമിക കാർഷിക സഹകരണ സ്ഥാപനങ്ങൾക്കുള്ള റീഫൈനാൻസിംഗ്

5230 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജൂൺ 30–ന് നബാർഡ് പ്രാഥമിക കാർഷിക സഹകരണ സ്ഥാപനങ്ങൾക്കുള്ള (പി. എ. സി. എസ്.) റീഫൈനാൻസിംഗ് നിർത്തുകയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നബാർഡിൽനിന്നും സംസ്ഥാന സഹകരണ ബാങ്കിന് ഇത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത നിർദ്ദേശം ബാധകമാകാതിരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സബ്സിഡികൾ സഹകരണ ബാങ്ക് അക്കൗണ്ടുകളിലെത്തിക്കാൻ നടപടി</u>

5231 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളുടെയും എൽ.പി.ജി.യുടെയും സബ്സിഡികൾ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് വരവുവെയ്ക്കുന്ന സമ്പ്രദായം നടപ്പിലാക്കിയപ്പോൾ സഹകരണ ബാങ്കുകളെ പൂർണ്ണമായും ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുള്ള ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകളെയെങ്കിലും ഇതിന്റെ പരിധിയിൽ കൊണ്ടുവരാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സഹകരണ കോൺഗ്രസ് സമ്മേളനം</u>

5232 ശ്രീ. ഹൈബി ഈഡൻ
,, സി. പി. മുഹമ്മദ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ കോൺഗ്രസ്സ് സമ്മേളനം നടത്തുകയുണ്ടായോ; വിശദമാക്കുമോ;

(ബി) സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സമ്മേളനത്തിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ചർച്ച ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) നിർദ്ദേശങ്ങളിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>റിസ്ക് ഫണ്ട് പ്രകാരം നൽകിയ തുക</u>

5233 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം, വായ്പയെടുത്ത് മരണമടഞ്ഞ അംഗങ്ങളുടെ ബാക്കി നിൽപ് വായ്പാ ബാധ്യത എഴുതി തള്ളുന്നതു സംബന്ധിച്ച വ്യവസ്ഥകൾ കൃത്യമായി പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് കാരണക്കാരായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ; എന്ത് തുക അപ്രകാരം എഴുതി തള്ളിയിട്ടുണ്ട്;

(ബി) 31.05.2013ന് റിസ്ക് ഫണ്ട് പദ്ധതിയിൽ പ്രീമിയം ഇനത്തിൽ ലഭിച്ച എന്തു തുക ബാക്കി നിൽപുണ്ട്; ഇതുവരെ സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി എത്ര കേസുകളിൽ, എന്തു തുക നല്കാൻ ബാക്കി നിൽപുണ്ട്;

(സി) 1.06.2011 മുതൽ 31.05.2013 വരെ പദ്ധതി പ്രകാരം ഓരോ ജില്ലയിലും എന്തു തുക, എത്ര വായ്പാ കേസുകളിൽ ആശ്വാസമായി അനുവദിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

<u>സഹകരണ അർബൻ ബാങ്ക് ജീവക്കാർക്ക് ഭവന വായ്പ</u>

5234 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സഹകരണ അർബൻ ബാങ്ക് ജീവനക്കാർക്ക് ഭവന വായ്പയ്ക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>ജില്ലാ സഹകരണ ബാങ്കുകളുടെ ആർ.ബി.ഐ. ലൈസൻസ്</u>

5235 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂലധന അപര്യാപ്തതയുടെ പേരിൽ സംസ്ഥാനത്തെ ഏതാനും ജില്ലാ സഹകരണ ബാങ്കുകളുടെ ആർ.ബി. ഐ. ലൈസൻസ് നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സാഹചര്യം മറികടക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത ബാങ്കുകൾക്ക് സർക്കാരിൽനിന്ന് മൂലധനസഹായം ലഭ്യമാക്കുമോ;

(ഡി) നബാർഡ് നിയമപ്രകാരം സർക്കാരിൽനിന്ന് സഹകരണ ബാങ്കുകൾക്ക് മൂലധനസഹായം ഉൾപ്പെടെ അനുവദിക്കുന്നതിന് നബാർഡ് സർക്കാരുകൾക്ക് നൽകിവരാറുള്ള 'സോഫ്റ്റ് ലോൺ' ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സാഹിത്യപ്രവര്‍ത്തക സഹകരണ സംഘം പുസ്തകങ്ങള്‍ പ്രസിദ്ധീകരിച്ചതിന്റെ വിശദാംശം</u>

5236 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-2013 ല്‍ സാഹിത്യ പ്രവര്‍ത്തക സഹകരണ സംഘം എത്ര പുസ്തകങ്ങളാണ് പ്രസിദ്ധീകരിച്ചത്;

(ബി) 2012-13 ലെ വിറ്റുവരവ് എത്രയാണ്;

(സി) റോയല്‍റ്റി ഇനത്തില്‍ 2012-13 ല്‍ എന്ത് തുകയാണ് നല്‍കിയത്?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>നീതി സ്റ്റോറുകളിലെ സെയിൽസ്മാൻമാരുടെ സ്ഥിരനിയമനം</u>

5237 ശ്രീ.കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ.ഉ(കൈ)നമ്പർ 207/10 സഹ.തീയതി 27/11/10 പ്രകാരം നീതി സ്റ്റോറുകളിൽ ജോലി ചെയ്തു വന്ന എത്ര സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(ബി) കൊല്ലം ജില്ലയിൽ എത്ര സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(സി) കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന കൊല്ലം ജില്ലയിലെ എത്ര സെയിൽസ്മാൻമാരാണ് ഇപ്പോഴും സ്ഥിര നിയമനത്തിനായി അപേക്ഷ നൽകിയിട്ടുള്ളത്; ഏതെല്ലാം സഹകരണ ബാങ്കുകളിലെ നീതി സ്റ്റോറുകളിലേക്കാണ് സ്ഥിര നിയമനത്തിനായി അപേക്ഷ നൽകിയിട്ടുള്ളത്;

(ഡി) അപേകഷകർക്ക് സ്ഥിരനിയമനത്തിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ

5238 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ടൂറിസം രംഗത്ത് ഓരോ ജില്ലയിലും പ്രവർത്തനക്ഷമമായ എത്ര സംഘങ്ങൾ ഉണ്ട്;

(ബി) ഓഹരി, സബ്സിഡി എന്നീ ഇനങ്ങളിലായി എന്ത് തുക വീതം എത്ര സംഘങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>പരിയാരം സഹകരണ മെഡിക്കൽ കോളേജിനും ആശുപത്രിക്കും കൂടിയുള്ള ഭൂമി</u>

5239 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം സഹകരണ മെഡിക്കൽ കോളേജിനും ആശുപത്രിക്കും കൂടി ആകെ എത്ര ഭൂമിയാണ് ഉള്ളത്;

(ബി) ഈ ഭൂമി ഏത് രീതിയിലാണ് ലഭ്യമാക്കിയത് എന്ന് അറിയിക്കുമോ;

(സി) ഈ സ്ഥാപനത്തിന് തുടക്കത്തിൽ ധനസഹായം നൽകിയിട്ടുണ്ടോ എന്നും എങ്കിൽ എത്രയെന്നും, ഏത് വകുപ്പിൽ നിന്നുമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ സഹകരണ സംഘങ്ങളുടെ വിശദാംശം</u>

5240

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കോഴിക്കോട് ജില്ലയിൽ എത്ര സഹകരണ സംഘങ്ങൾ ആരംഭിച്ചു; വിശദമാക്കുമോ;

(ബി) ആരംഭിച്ച സംഘങ്ങളുടെ തരം, പ്രവർത്തനപരിധി, മേൽവിലാസം എന്നിവ വിശദമാക്കുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന് പുതിയ ഓഫീസ് കെട്ടിടം</u>

5241 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ ഓഫീസുകൾ സ്ഥിതിചെയ്യുന്ന സ്ഥലത്ത് പുതിയ ഓഫീസ് കെട്ടിടം പണിയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സ്ഥലത്തുള്ള ഉപയോഗ ശൂന്യമായ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>പരശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘം</u>

5242 ശ്രീ. എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പരശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘത്തിന്റെ ഭരണസമിതി പിരിച്ചു വിട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പിരിച്ചുവിട്ട ഭരണസമിതിയിലെ അംഗങ്ങൾ ആരെല്ലാമെന്നും,ഇവർക്കെതിരെ ചുമത്തിയിരിക്കുന്ന കുറ്റങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഘത്തിനുണ്ടായിട്ടുളള സാമ്പത്തിക നഷ്ടം എത്രയെന്നും, സർചാർജ് ചുമത്തിയ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ; സർചാർജ് ചുമത്തിയിട്ടില്ല എങ്കിൽ അത് ചുമത്തുന്നതിനുളള നടപടി സ്വീകരിക്കുമോ;

(ഡി) സംഘം നടത്തിയ ചിട്ടി, തസ്തിക അംഗീകാരം ഇല്ലാതെ ജീവനക്കാരെ നിയമിച്ച് ശമ്പളം നൽകൽ, ബിനാമി പേരിൽ കാർഷിക സബ്സിഡി ലോൺ തട്ടിപ്പ് എന്നിവയിലൂടെ സംഘത്തിനും, സർക്കാരിനും നഷ്ടംവരുത്തിയ ഭരണസമിതി അംഗങ്ങൾക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് സഹിതം ലഭ്യമാക്കുമോ;

(ഇ) ബിനാമികളെ വച്ച് കാർഷിക സബ്സിഡി തട്ടിയെടുത്ത സംഘം ഡയറക്ടർ ബോർഡ് അംഗങ്ങൾക്കെതിരെ വിജിലൻസ് അന്വേഷണം നടത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

ചാലക്കുടി ടൗൺ സഹകരണ ബാങ്കിൽ വിജിലൻസ് അന്വേഷണം

5243 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ടൗൺ സഹകരണ ബാങ്കിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>കൈത്തറി സഹകരണ സംഘങ്ങൾക്ക് നൽകുന്ന ധനസഹായം</u>

5244 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകുന്ന ധനസഹായത്തിന് എത്ര ശതമാനം സബ്സിഡിയാണ് നൽകുന്നത്;

(ബി) സർക്കാർ ഇതര സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും ഇത്തരം സഹകരണ സംഘങ്ങൾ എടുക്കുന്ന വായ്പകൾക്ക് അമിത പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൈത്തറി സഹകരണ സംഘങ്ങളെ പരിപോഷിപ്പിക്കുന്നതിന് പലിശരഹിത വായ്പ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>നദികളിലെയും മറ്റും മലിനീകരണം സംബന്ധിച്ച പഠനം</u>

T-5245 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾ, തടാകങ്ങൾ, കിണറുകൾ എന്നിവയിലെ മലിനീകരണം സംബന്ധിച്ച പഠനറിപ്പോർട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം പുഴകളിലും തടാകങ്ങളിലും കിണറുകളിലുമാണ് അപകടകരമാംവിധം കോളിഫോം ബാക്ടീരിയ കണ്ടെത്തിയിട്ടുളളത്; വിശദമാക്കാമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>നദീജല ഗുണനിലവാരം നിരീക്ഷിക്കുന്നതിന് മോണിറ്ററിംഗ് സെൽ</u>

5246 ശ്രീ. ജോസഫ് വാഴക്കൻ
'' പി. എ. മാധവൻ
'' റ്റി. എൻ. പ്രതാപൻ
'' കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദീജല ഗുണനിലവാരം നിരീക്ഷിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിയന്ത്രണത്തിൽ മോണിറ്ററിംഗ് സെൽ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്;

(സി) ആയതിന്റെ പ്രവർത്തനത്തിന് ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

ഇ-മാലിന്യ നയം

5247 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഇ-മാലിന്യ നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ഇ-മാലിന്യ (കൈകാര്യ) ചട്ടങ്ങൾ പ്രകാരം ഉല്പാദകർ തന്നെ ഇ-മാലിന്യങ്ങൾ തിരിച്ചെടുക്കുന്നു എന്ന് ഉറപ്പുവരുത്താനുള്ള ചുമതല മലിനീകരണ നിയന്ത്രണ ബോർഡിനുണ്ടോ;

(സി) എങ്കിൽ ഇല്ക്ട്രോണിക് പാഴ്വസ്തുക്കൾ, ഫ്ളക്സ് പ്രിന്ററുകളിലും ഫോട്ടോസ്റ്റാറ്റ് മെഷീനുകളിലും ഉപയോഗിക്കുന്ന മാരകവിഷങ്ങളടങ്ങിയ മഷികൾ, ടോണറുകൾ എന്നിവ അതത് സ്ഥാപനങ്ങൾ തന്നെ സംസ്കരിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>എസ്.സി/എസ്.ടി ഫെഡറേഷൻ നടത്തുന്ന ഐ.ഒ.സി പെട്രോൾ പമ്പിന് ധനസഹായം</u>

5248 ശ്രീ.വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എസ്.സി./എസ്.ടി സഹകരണ വികസന ഫെഡറേഷൻ നടത്തുന്ന ഐ.ഒ.സി പെട്രോൾ പമ്പിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പമ്പ് നടത്തുന്നതിനുള്ള പണം ഏത് ഫണ്ടിൽ നിന്നും കണ്ടെത്തിയെന്നത് വ്യക്തമാക്കുമോ?